# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.447

## 29-10-2019 ൽ മറുപടിക്ക്

## കിഫ്ബി മസാലബോണ്ട്

| ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കിഫ്ബിയിൽ മസാലബോണ്ട് വഴി പണം ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഇത് വഴി ലഭ്യമായ തുകയുടെ വിവരം ലഭ്യമാക്കുമോ; പ്രസ്തുത തുക എന്നാണ് കിഫ്ബിക്ക് ലഭ്യമായത് എന്ന് അറിയിക്കുമോ; | കിഫ്ബി നിലവിൽ പുറത്തിറക്കിയ മസാല ബോണ്ടുകൾ വഴി 2150 കോടി രൂപ സ്വരൂപിച്ചിട്ടുണ്ട്. 9.723% കൂപ്പൺ റേറ്റിൽ ആണ് പ്രസ്തുത മസാല ബോണ്ടുകൾ വിപണനം ചെയ്യപ്പെട്ടത്. 2019 മാർച്ച് 29 -ാം തീയതിയാണ് മസാല ബോണ്ട് വില്പന വഴി ലഭിച്ച തുക കിഫ്ബിയുടെ അക്കൗണ്ടിൽ എത്തിയത്. |
| (ബി) മസാല ബോണ്ടിന് നിശ്ചയിച്ച പലിശ നിരക്ക് എത്രയാണെന്നും തിരിച്ചടവ് കാലാവധിക്കുള്ളിൽ പലിശയിനത്തിൽ മസാല ബോണ്ടിന് നൽകേണ്ട തുക എത്രയാണെന്നും വിശദമാക്കുമോ; | തിരിച്ചടവ് കാലാവധിയായ 5 വർഷം കഴിയുമ്പോൾ ആകെ പലിശയും മുതലും ഉൾപ്പടെ 3195.23 കോടി രൂപ തിരിച്ചടക്കേണ്ടതായിട്ടുണ്ട്. |
| (സി) പ്രസ്തുത തുക ചെലവഴിക്കുന്ന പദ്ധതികൾ സംബന്ധിച്ചുള്ള വിശദ വിവരം ഫണ്ടിംഗ് ഏജൻസിക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ? | കിഫ്ബി നാളിതുവരെ അംഗീകരിച്ച പദ്ധതികളുടെ വിവരം ട്രസ്റ്റി മുഖേന നിക്ഷേപകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതിനു പുറമെ മസാലബോണ്ട് വഴി സമാഹരിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ എല്ലാ മാസവും റിസർവ് ബാങ്കിനും നൽകി വരുന്നു. |

ജോയിന്റ് സെക്രട്ടറി